# Malayala Manorama

## 20 August 2018

## Kakkanad, Built Iron Bridge in One Night

# ഇരുട്ടി വെളുത്തപ്പോഴേക്കും ഇരുമ്പു പാലം റെഡി

■ നാട്ടുകാർ ഇരുമ്പു പാലം നിർമിച്ചത് ഒറ്റ രാത്രി കൊണ്ട്

കാക്കനാട് • വെള്ളപ്പാച്ചിലിൽ റോഡ് സഞ്ചാരയോഗ്യമല്ലാതായതോടെ ഒറ്റ രാത്രി കൊണ്ടു നാട്ടുകാർ തീർത്തത് ഉറപ്പുള്ള ഇരുമ്പു പാലം. വെണ്ണല തുരുത്തേപ്പാറ റോഡിലാണു ശ്രമദാനത്തിലൂടെ ഇരുമ്പു പാലം ഉയർന്നത്. ദിവസങ്ങളായി റോഡ് ഉപയോഗിക്കാനാകാത്ത അവസ്ഥയിലായിരുന്നു. വഞ്ചി ഇറക്കിയായിരുന്നു അത്യാവശ്യ യാത്ര. വെണ്ണല ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ കിഴക്കേ കവാടം മുതൽ വെള്ളം നിറഞ്ഞു കിടക്കുന്നതിനാൽ കാൽനട യാത്ര പോലും പറ്റാതായതോടെയാണു വഞ്ചി ഇറക്കിയത്. വഞ്ചി ഓരോ തവണയും പോയിവരാൻ സമയമെടുക്കുമെന്നതിനാലാണു സ്ഥിരം സംവിധാനം നാട്ടുകാർ ആലോചിച്ചത്.

സമീപത്തെ കോൺക്രീറ്റ് ജോലി കരാറുകാരൻ സാമഗ്രികൾ നൽകാമെന്നേറ്റതോടെയാണ് ഇരുമ്പു പാലം നിർമാണത്തിനു നാട്ടുകാർ രംഗത്തിറങ്ങിയത്. ശനിയാഴ്ച വൈകിട്ട് തുടങ്ങിയ പാലം നിർമാണം രാത്രി പൂർത്തിയാക്കി. ഇരുമ്പു തൂണും ഫ്രെയിമുമൊക്കെ നട്ടും ബോൾട്ടുമിട്ടു മുറുക്കി ഉറപ്പുള്ള പാലം യാഥാർഥ്യമായതോടെ നാട്ടുകാരുടെ യാത്ര ഇപ്പോൾ ഇതു വഴിയാണ്. മഴ ശക്തമായാൽ തുരുത്തേപ്പാറ റോഡിൽ വെള്ളം കയറുന്നതു പതിവാണെന്നു നാട്ടുകാർ പറയുന്നു. നൂറു കണക്കിനു പേർ ഉപയോഗിക്കുന്ന റോഡാണിത്. മഴ തീരുന്നതു വരെ പാലം നില നിർത്താനാണു തീരുമാനം.



വെണ്ണല തുരുത്തേപ്പാറ റോഡിൽ വെള്ളം നിറഞ്ഞതിനെ തുടർന്നു നാട്ടുകാർ നിർമിച്ച ഇരുമ്പു പാലം.